## പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 963 — 30.06.2015 ലെ മറുപടിക്ക്

### നടക്കാവ് മോഡൽ കോളനി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)** | | **ശ്രീ. എ.പി.അനിൽ കുമാർ (പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** | |
| (എ) | കാസർഗോഡ് ജില്ലയിലെ നടക്കാവ് കോളനിയിൽ ആരംഭിച്ച മോഡൽ കോളനി വികസന പ്രവർത്തനത്തിൽ വ്യാപകമായി അപാകതകളുള്ളതായി ഉപഭോക്താക്കൾ അറിയിച്ചിട്ടും ഇതു സംബന്ധിച്ച് ഒരു നടപടിയും സ്വീകരിക്കാത്തതെന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | കാസർഗോഡ് ജില്ലയിലെ നടക്കാവ് കോളനിയിൽ ആരംഭിച്ച സ്വയംപര്യാപ്ത കോളനി വികസന പ്രവർത്തനത്തിൽ അപാകതകളുള്ളതായി ഉപഭോക്താക്കൾ അറിയിച്ചതിനെത്തുടർന്ന് 21.05.2015-ന് ബഹു.എം.എൽ.എയുടെ നിർദ്ദേശ പ്രകാരം കോളനിയിൽ യോഗം ചേർന്ന് പുരോഗതിയും പ്രശ്നങ്ങളും ചർച്ച ചെയ്തു. തുടർന്ന് ഓരോ പ്രവൃത്തികളുടെയും പുരോഗതി വിലയിരുത്തുന്നതിനും അപാകത പരിഹരിക്കുന്നതിനും ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ, വാർഡ് മെമ്പർ, മോണിറ്ററിംഗ് കമ്മറ്റി അംഗങ്ങൾ തുടങ്ങിയവരെ ചുമതലപ്പെടുത്തിയിട്ടുള്ളതും പ്രസ്തുത കമ്മറ്റി കോളനിയിലെ പ്രവൃത്തികൾ പരിശോധിച്ച് വരുന്നതുമാണ്. |
| (ബി) | ഈ കോളനിയിൽ എത്ര തുകയുടെ വികസനമാണ് നടത്തിയതെന്നും ഇനിയും എത്ര തുകയുടെ വികസന പ്രവർത്തനം നടത്താനുണ്ടെന്നും വ്യക്തമാക്കാമോ ? | (ബി) | കോളനിയിൽ പദ്ധതിക്കായി അനുവദിച്ചിട്ടുള്ള ഒരു കോടി രൂപയിൽ ഒന്നാം ഗഡുവായ 25 ലക്ഷം രൂപ കൈപ്പറ്റി, 70,64,442/- രൂപയുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്ന് നിർവ്വഹണ ഏജൻസിയായ ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് (എഫ്.ഐ.റ്റി) റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ